റബ്ബർ റീ. ബി. വിപുലീകരണം

1203 [1916] ശ്രീ. കെ. എ. മാത്യു: താഴെ കാണുന്ന ചോദ്യത്തിന് മരാമത്തും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റബ്ബറിയിൽ ഇന്നുള്ള റീ. ബി.യുടെ അപര്യാപ്തത കണക്കിലെടുത്ത് പ്രസ്തുത റീ. ബി. കൂടുതൽ സൗകര്യങ്ങളോടെ വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോഴം ഇതിന് പരിപാടി ഇല്ല.

ആന ലേലത്തിൽ നിന്നുള്ള വരുമാനം

1204 [1920] ശ്രീ. പി. ആർ. ഫ്രാൻസീസ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സാമ്പത്തിക വർഷത്തിൽ ആനയെ ലേലം വിളിച്ചു വിറ്റിട്ടുണ്ടോ; ഉണ്ടെങ്കിൽ വരുമാനമെത്ര?

ഉത്തരം

ഈ സാമ്പത്തികവർഷത്തിൽ ആനയെ ലേലം വിളിച്ചു വിറ്റിട്ടില്ല.

ഓട്ടുകമ്പനികളം നേരിടുന്ന പ്രതിസന്ധി

1205 [1923] ശ്രീ. പി. ആർ. ഫ്രാൻസീസ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നമ്മുടെ സംസ്ഥാനത്തിലെ ഓട്ടുകമ്പനികൾക്ക് വിറകു കിട്ടുന്നതിനുള്ള ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് ഗവൺമെൻറ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇപ്പോഴം നിർവ്വാഹമില്ല.

II. പ്രദ്ധക്ഷണിക്കൽ

മലങ്കര അണക്കെട്ട് പൂർത്തിയാകുന്നതോടെ വെള്ളത്തിനടിയിലാകാവുന്ന പ്രദേശങ്ങളിലെ താമസക്കാരുടെ പ്രശ്നങ്ങൾ

ഡെപ്യൂട്ടി സ്പീക്കർ: ഈ പ്രശ്നം 736-ാം നമ്പർ ചോദ്യത്തിന് വിധേയമായിരുന്നു. അതുകൊണ്ട് വളരെ ചുരുക്കി സംസാരിക്കണം.

ശ്രീ. റീ. കെ. രാമകൃഷ്ണൻ: ചോദ്യം വന്നതുകൊണ്ട് വളരെ കൂടുതൽ പറയേണ്ടിവന്നിരിക്കുകയാണ്. ഈ ചോദ്യത്തിന് പറഞ്ഞ മറുപടി കേട്ടപ്പോഴം ബഹുമാനപ്പെട്ട മന്ത്രിക്ക് കിട്ടിയ വിവരം പൂർണ്ണമല്ല; എന്നാണ് മനസ്സിലാക്കേണ്ടത്. ഡിപ്പാർട്ടുമെൻറാണ് വിവരം

LIBRARY ARCHIVES Kerala Legislative Assembly

ശേഖരിച്ചുതരുന്നത്. 148 ഹെക്ടർ ഭൂമിയാണ് എടുത്തത്, 40 കുടും ബങ്ങളെയാണ് ഒഴിപ്പിച്ചത്, ഒഴിപ്പിക്കപ്പെട്ട കുടുംബത്തിന് യാതൊരു പരാതിയുമില്ലെന്നാണ് പറഞ്ഞത്. അവിടെ സകല രാഷ്ട്രീയ പാർട്ടി കളും യോജിച്ചുകൊണ്ട് ഹർത്താലും പിക്കറ്റിങ്ങും അതുപോലുള്ള സമര പരിപാടികളും നടത്തുകയാണ്. അതിനെതിരായി ഹർത്താൽ അനുഷ്ഠിച്ച ദിവസം നൂറുകണക്കിന് ആളുകളുടെ പേരിൽ കേസ് എടുത്തു. 500-ൽ പരം കുടുംബങ്ങളെ ഇനി ഒഴിപ്പിക്കേണ്ടിയിരിക്കുന്നു. ഡാമിന്റെ പണി തുടങ്ങിയാൽ എസ്റ്റേറ്റുമായി ബന്ധപ്പെട്ട കുറെ സ്ഥലങ്ങളിൽനിന്ന് ഒഴിപ്പിക്കേണ്ട പ്രശ്നമുണ്ട്. 3-12-1978-ൽ വിളിച്ചുകൂട്ടിയ കോൺഫറൻ സിൽ എടുത്ത തീരുമാനത്തിന്റെ പ്രൊസീഡിംഗ്സിന്റെ കോപ്പിയാണ് ഞാൻ വായിക്കുന്നത്. മുന്നൂറിൽപ്പരം കുടികിടപ്പുകാർ ഉണ്ടെന്ന് കണക്കാ ക്കപ്പെട്ടിട്ടുണ്ട്. ഈ കുടികിടപ്പുകാർക്ക് പുറമേ സ്വന്തം ഭൂമിയുള്ള ആളു കളും, പട്ടയം കിട്ടാതെ ഭൂമിയിൽ താമസിക്കുന്നവർ ഇങ്ങനെ വളരെയധികം കുടുംബങ്ങളും ഉണ്ട്. മുന്നൂറിൽപ്പരം കച്ചവടക്കാർ ഉണ്ട്. മറ്റു പല ബിസിനസുകളിലും ഏർപ്പെട്ടിട്ടുള്ള വളരെയധികം പേരുണ്ട്. അതു പോലെ പള്ളിക്കൂടം, പള്ളി, വിദ്യാലയങ്ങളും, പൊതുസ്ഥാപനങ്ങളും, പാലങ്ങളും എന്നിവയെല്ലാം ഉണ്ട്. ഈ പ്രശ്നങ്ങൾക്കൊന്നും സമഗ്രമായി ട്ടുള്ള യാതൊരു സമാധാനവും കൂടാതെയാണ് ഡാമിന്റെ പണിതുടങ്ങിയി ട്ടുള്ളത്. 1982-ൽ അവസാനിപ്പിക്കാനാണ് ഇടയുള്ളതെന്ന് മന്ത്രി പറഞ്ഞു. അവസാനിപ്പിക്കുന്നതിന് മുമ്പ് ഇക്കാര്യങ്ങളൊക്കെ പരിശോധിച്ചുകൊണ്ട് ഉന്നതനിലവാരത്തിൽ ഒരു തീരുമാനം എടുത്തിട്ടില്ല. അതിന്റെ ഫലമായി ആളുകളും വളരെയധികം ഉൽകണ്ഠാകുലരായിരിക്കുകയാണ്. അങ്ങനെ യാണ് ഹർത്താലും പിക്കറ്റിങ്ങുകളും ഇടയ്ക്കിടയ്ക്ക് സമരങ്ങളും നടത്തിക്കൊണ്ടിരുന്നത്. കോമ്പൻസേഷൻ നിശ്ചയിക്കുമ്പോൾ ഇന്നത്തെ മാർക്കറ്റ് വില അനുസരിച്ചുള്ള കോമ്പൻസേഷൻ കൊടുക്കുന്നില്ല. ഉദ്യോഗസ്ഥൻമാരുമായി സംസാരിക്കുമ്പോൾ അവർ പറയുന്നത് ഞങ്ങൾക്ക് പണ്ടേ തന്നിട്ടുള്ള നിർദ്ദേശം ഇതാണെന്നാണ്. ഇന്നുള്ള ഉൽപ്പന്നങ്ങളുടെ വില കണക്കാക്കാതെ, ഇന്ന് ഇവർക്ക് കിട്ടുന്ന വരുമാന ത്തിന്റെ അടിസ്ഥാനത്തിൽ കോമ്പൻസേഷൻ കിട്ടുമെന്ന ഉറപ്പില്ലാതെ അവരെ ഒഴിപ്പിക്കാൻ ബുദ്ധിമുട്ടുണ്ട്. ഇന്നുള്ള മാർക്കറ്റ് വില അനു സരിച്ചുള്ള കോമ്പൻസേഷൻ, അവിടെയുള്ള ഉൽപ്പന്നങ്ങളുടെ വില നിശ്ച യിച്ച് അതിന്റെ ബേസിസിൽ കോമ്പൻസേഷൻ നിശ്ചയിക്കുമ്പോൾ ആ ഉൽപ്പന്നങ്ങൾക്ക് ഇന്നുള്ള മാർക്കറ്റ് വില കിട്ടാനുള്ള ഏർപ്പാട് ഉണ്ടാക്കണം. രണ്ടാമത് പുറംപോക്ക് ഭൂമിയിൽ 40 വർഷങ്ങളായി താമസിക്കുന്നവർ ഉണ്ട്. വില്ലേജ് അധികാരികൾ കണക്ക് എടുത്ത സമയത്ത് പുറംപോക്ക് ഭൂമിയിൽ കോമ്പൻസേഷൻ കൊടുക്കുകയില്ലെന്ന് പറഞ്ഞു. സ്വന്തം ഭൂമിയും അതിനോടു വളരെക്കാലമായി കിടക്കുന്ന, കൈവശംവച്ചുകൊണ്ടി രിക്കുന്ന പുറംപോക്കു ഭൂമിയും കൂടിച്ചേർത്തിട്ടുള്ള പത്ത് സെന്റ് ഭൂമി ഉണ്ടെങ്കിൽ മൂന്ന് സെന്റ് ഭൂമിക്കുമാത്രം കോമ്പൻസേഷൻ കൊടുക്കും. ഏഴ് സെന്റിന് കോമ്പൻസേഷൻ കൊടുക്കുകയില്ലെന്ന് പറഞ്ഞിട്ടുള്ള നിരവധി കേസുകളുണ്ട്. ഞാൻ അവിടെ ചെന്ന അവസരത്തിൽ അവിടെ യുള്ള ആളുകളും ഇക്കാര്യം എന്നോടു പറയുകയുണ്ടായി. 40 കൊല്ലക്കാല മായി കൈവശം വച്ചുകൊണ്ടിരിക്കുന്ന ആളുകൾക്കാണെങ്കിൽ തീർച്ചയായും ഫുൾ കോമ്പൻസേഷന് അർഹത ഉണ്ട്. മണിയങ്ങാടൻ കമ്മിറ്റി റിപ്പോർട്ട് പ്രകാരം ഒഴിപ്പിക്കുമ്പോൾ സ്വന്തം ഭൂമിയിൽ താമസിക്കുന്നവർ എന്നുള്ള നിലയിൽ അവർക്ക് ഭൂമിയുടെ മോണ്ടത്തിന്റെ പൂർണ്ണമായ പ്രതി ഫലം കിട്ടാൻ അവകാശമുണ്ട്. അതിനുള്ള നടപടി എടുക്കുന്നില്ല. ഈ

LIBRARY ARCHIVES Kerala Legislative Assembly

നടപടി എടുക്കാനുള്ള നിർദ്ദേശം ഗവൺമെന്റ് തലത്തിൽ എടുക്കണം. അതുപോലെ തന്നെ ലക്ഷം വീട്ടിലും മറ്റും താമസിക്കുന്ന ആളുകളും ഉണ്ട്. അവരുടെ പ്രശ്നത്തിന് ഗവൺമെന്റ് പരിഹാരം ഉണ്ടാക്കണം. അതിനെല്ലാം പുറമേ മുമ്പ് പറഞ്ഞിട്ടുള്ള പാലങ്ങളുടെ കാര്യമുണ്ട്. അവിടെ താമസിക്കുന്നവർക്ക് ഇങ്ങോട്ടുവരാൻ യാതൊരു മാർഗ്ഗവുമില്ല. 3-12-1978-ൽ എടുത്ത തീരുമാനത്തിൽ അതിനുള്ള നടപടി എടുക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി കൂടി ഉൾപ്പെട്ട കോൺഫറൻസിൽ എടുത്ത തീരുമാനത്തിന്റെ നടപടി പൂർത്തിയാക്കണം. ഇതിനെല്ലാറ്റിനും പുറമേ കോമ്പൻസേഷൻ 50 ശതമാനമാണ് നിയമപ്രകാരം കൊടുക്കുന്നത്. ഈ കോമ്പൻസേഷൻ കിട്ടിയിട്ടു വേണം മറ്റ് എവിടെയെങ്കിലും കൂടി വാങ്ങിക്കാൻ. ഒഴിഞ്ഞു കൊടുത്താലേ പണം കൊടുക്കുകയുള്ളൂ എന്നു പറഞ്ഞാൽ സ്വാഭാവികമായും ഒഴിഞ്ഞു പോകാൻ ബുദ്ധിമുട്ട് വരും. അതുകൊണ്ട് ഗവൺമെന്റ് തലത്തിൽ തീരുമാനം എടുത്ത് ഒഴിഞ്ഞു പോകാനുള്ള ഉറപ്പ് ഉണ്ടാകുന്നതോടൊപ്പം ഫുൾ കോമ്പൻസേഷൻ കിട്ടുന്നതിനുള്ള സംവിധാനം ഉണ്ടാക്കണം. മുമ്പ് കോമ്പൻസേഷൻ കൊടുക്കാതെ ബലപ്രയോഗം നടത്തി ഒഴിപ്പിച്ചിട്ടുണ്ട്. അങ്ങനെ ഒഴിപ്പിച്ചതിന്റെ ഫലമായി ഇന്ന് കേസ് നിലവിലുണ്ട്. അതുകൊണ്ട് ഇത്തരം കാര്യങ്ങളെ സംബന്ധിച്ചൊക്കെ തന്നെ ഉന്നതനിലവാരത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെട്ട് കോൺഫറൻസ് വിളിച്ചുകൂട്ടി ഇതിനെല്ലാം തീരുമാനം എടുക്കണം. സാധാരണ താഴെയുള്ള ഉദ്യോഗസ്ഥൻമാർക്ക് ഈ പ്രശ്നംവിടാതെ ഉന്നത നിലവാരത്തിൽ കോൺഫറൻസ് വിളിച്ചുകൂട്ടി ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാക്കണം. ഇടുക്കിയിൽനിന്നും ഒഴിപ്പിക്കപ്പെട്ട ആളുകൾക്ക് കച്ചവടത്തിന് സൗകര്യം ചെയ്തുകൊടുത്തു. പാലങ്ങൾക്കും, റോഡുകൾക്കും സംവിധാനം ഉണ്ടാക്കിക്കൊടുത്തു. ഇടുക്കി ജില്ലയുടെ തൊട്ടടുത്ത പ്രദേശമാണ് ഇത്. അവിടെ കൃഷിക്കാർക്ക് നീതി കിട്ടുന്നില്ലെന്നുള്ള പരാതിയാണ് ഉള്ളത്. ആ പരാതിക്ക് പരിഹാരം കാണുന്നതിനുവേണ്ടി ഉന്നതനിലവാരത്തിൽ കോൺഫറൻസ് വിളിച്ചുകൂട്ടി പരിഹാരം ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

തൊഴിലു ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം. കെ. രാഘവൻ): ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് കേട്ടാൽ അവിടെ എന്തോ സംഭവിക്കാൻ പോകുന്നുവെന്നുള്ള തോന്നൽ ഉണ്ടാകുമെന്നുള്ളതിൽ കവിഞ്ഞ് വേറൊരു കാര്യമുണ്ടെന്ന് തോന്നുന്നില്ല. 148 ഏക്കർ സ്ഥലമാണ് എടുത്തിട്ടുള്ളത്. 148 ഏക്കർ സ്ഥലത്ത് മിക്കവാറും പട്ടാലാൻറ് സാണ്. 120 ഏക്കർ മലങ്കര എസ്റ്റേറ്റ് പട്ടാലാൻറാണ്. പട്ടാലാൻഡിൽ കുടികിടപ്പ് പ്രശ്നം ഉണ്ടാകുന്നില്ല. തൊഴിലാളികൾ താമസിക്കുന്ന ലൈൻസാണ് ഉള്ളത്. 25 ലൈനിൽ 100 കുടുംബങ്ങൾ താമസിക്കുന്നുണ്ട്. 100 കുടുംബങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് തൽക്കാലം മാറാൻ സൗകര്യം ഇല്ലാത്തതുകൊണ്ട് ആ എസ്റ്റേറ്റിന്റെ ചുമതലയിൽ തന്നെ ഒരു കൊല്ലത്തേക്ക് താൽക്കാലികമായി താമസിക്കാൻ സൗകര്യം കൊടുത്തിരിക്കുകയാണ്. ആ പ്രശ്നം അവിടെ അവസാനിക്കുകയാണ്. അവരെ സംബന്ധിച്ചിടത്തോളം തൽക്കാലം തൊഴിൽ പോകാതിരിക്കുന്നതിന് മരങ്ങൾ ടാപ്പ് ചെയ്യുന്നതിനുള്ള വ്യവസ്ഥയോടുകൂടിയാണ് പാട്ടത്തിന് കൊടുത്തിരിക്കുന്നത്. അവരെ സംബന്ധിച്ചിടത്തോളം പരാതിയില്ല. 148 ഏക്കർ കഴിഞ്ഞാൽ ബാക്കിയുള്ളതാണ് ലാൻഡ് അക്വിസിഷനിൽ വരാനുള്ളത്. അതിനകത്താണ് പള്ളികളും, പാലസുകളും

LIBRARY ARCHIVES Kerala Legislative Assembly

മറ്റും ഉണ്ടെന്ന് പറയുന്നത്. അതിനകത്ത് കൂടുതലും പട്ടാ ലാൻഡാണ് ഉള്ളത്. കുടികിടപ്പുകാരോ കയ്യേറക്കാരോ ഇല്ല. കയ്യേറക്കാർ എത്രയുണ്ടെന്നോ അവരെ ഒഴിപ്പിക്കേണ്ടി വരുമെന്നോ ഒഴിപ്പിച്ചാൽ പകരം ലാൻഡ് എവിടെ കൊടുക്കണം എന്നോ കണക്കാക്കാത്തതുകൊണ്ടാണ് ഒന്നും ചെയ്യാതിരിക്കുന്നത്. അങ്ങനെ ഒന്നും ചെയ്യുകയില്ലെന്ന് പറഞ്ഞിട്ടില്ല. 1982-നുള്ളിൽ അത് ഉണ്ടാക്കുമെന്ന് പറഞ്ഞ് ഒരു പ്രചരണം നടത്തുന്നുവെന്നല്ലാതെ മറ്റൊന്നും അവിടെയില്ല. 40 കുടുംബങ്ങളുടെ വീടാണ് അകപ്പയർ ചെയ്തത്. അവർക്ക് ആവശ്യത്തിനനുസരണമുള്ള കോമ്പൻസേഷൻ കൊടുത്തു. അവർ അതനുസരിച്ച് ഒഴിഞ്ഞിരിക്കുന്നുവെന്നുള്ളതുതന്നെ അതിന് തെളിവാണ്. ഏഴുപേർ ഒഴികെ മറ്റുള്ളവർ പകരം താമസിക്കാൻ സ്ഥലം വാങ്ങിച്ചിരിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് തെറ്റാണെങ്കിൽ തിരുത്താം അല്ലെങ്കിൽ അവർക്ക് എന്തെങ്കിലും ആശ്വാസം ഉണ്ടാക്കി കൊടുക്കണമെന്നുണ്ടെങ്കിൽ അതും ചെയ്യാം. ഏഴു പേർക്ക് വീട് കിട്ടാത്തതുകൊണ്ട് തൽക്കാലം താമസിക്കാൻ സൗകര്യപ്പെടുത്തി കൊടുത്തിരിക്കുകയാണ്. ഒരു പദ്ധതിക്കുവേണ്ടി ഒഴിപ്പിക്കേണ്ടിവരുന്ന ആളുകൾക്ക് നിസ്സാരമായ അസൗകര്യംപോലും ഉണ്ടാകാതെ സൂക്ഷിക്കേണ്ടതാണ് ആവശ്യമാണെന്ന് കണ്ടുകൊണ്ടാണ് ഗവൺമെന്റ് നടപടി സ്വീകരിച്ചത്. അല്ലാതെ അവർക്ക് ബുദ്ധിമുട്ടുണ്ടാക്കാൻ വേണ്ടിയല്ല. തൊടുപുഴ ആണെന്നും, മീനച്ചിലാണെന്നുമൊക്കെ നിങ്ങളും മനസ്സിലാക്കണം. അത്തരം ആളുകൾക്ക് ഉയർന്ന ആശയങ്ങളും, ആവശ്യങ്ങളും ഉണ്ടായെന്നു വരും. കച്ചവടം പോയാൽ കച്ചവടം പകരം ഉണ്ടാക്കികൊടുക്കണം, ക്യാപ്പിറ്റൽ കുറഞ്ഞുപോയാൽ ക്യാപ്പിറ്റൽ ഉണ്ടാക്കി കൊടുക്കണം, തൊഴിൽ കുറഞ്ഞുപോയാൽ ഗവൺമെന്റ് ഉദ്യോഗം കൊടുക്കണം എന്നു പറയുന്ന ആവശ്യങ്ങളൊക്കെ സാധിച്ചതിനുശേഷമേ ഈ പണി ആരംഭിക്കാൻ പാടുള്ളുവെന്ന് എന്റെ സ്നേഹിതൻ ശ്രീ. രാമകൃഷ്ണനെപോലുള്ള മെമ്പർ പറയുന്നത് വളരെ കഷ്ടമാണെന്നേ പറയാനുള്ളു. ഇപ്പോഴും ഫൗണ്ടേഷൻ വർക്ക് മാത്രമേ അവിടെ തുടങ്ങിയിട്ടുള്ളു. ഇതിനെല്ലാം സമയം ഉണ്ട്. പ്രകാശോണം ഉണ്ടാക്കുന്നതിന് സമയവും, സൗകര്യവും ഉണ്ട്. ഇപ്പോഴും അതിനുവേണ്ടി സമയം മുടക്കണമോ? ആവശ്യമായ എല്ലാ സൗകര്യങ്ങളും കഷ്ടപ്പെടുന്ന ആളുകൾക്ക് ചെയ്തു കൊടുക്കാൻ ഗവൺമെന്റ് എന്നും തയ്യാറാണ്. പക്ഷേ കഷ്ടത മാവിക്കുകയും, പൂഷണം നടത്തി വരുകയും ചെയ്യുന്ന ആളുകൾക്ക് സൗജന്യമായി കൊടുക്കാൻ ഒരു കാലത്തും ഗവൺമെന്റ് തയ്യാറല്ല.

ശ്രീ. റ്റി. കെ. രാമകൃഷ്ണൻ: മന്ത്രി ഇടപെട്ട് നടത്തിയിട്ടുള്ള കോൺഫറൻസിന്റെ പ്രൊസീഡിങ്ങ്സിൽ 300-ൽ പരം കുടികിടപ്പുകാരെ ഒഴിപ്പിക്കാമെന്ന് സമ്മതിച്ചിട്ടുണ്ട്. കോൺഫറൻസ് വിളിച്ചുകൂട്ടി ഇക്കാര്യങ്ങളൊക്കെ പരിശോധിച്ച് പരിഹാരം ഉണ്ടാക്കാനുള്ള നടപടി സ്വീകരിക്കുമോ?

തൊഴിലും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ.എം.കെ.രാഘവൻ): അതിന് ഇപ്പോഴും സൗകര്യമില്ല. പരമമായ ആവശ്യം കോൺഫറൻസ് വിളിച്ച് കൂട്ടുക എന്നുള്ളതാണ്. നാട്ടിലുള്ള എല്ലാപേരെയും വിളിച്ചുകൂട്ടിയാൽ ഈ പ്രശ്നത്തിന് പരിഹാരം ഉണ്ടാകുമോ? അവർക്ക്. ദോഷമില്ലാതെ കാര്യങ്ങൾ ചെയ്തുകൊടുക്കുവാൻ ഗവൺമെന്റ് തയ്യാറാണ്. കോൺഫറൻസിൽ കമ്മിറ്റ്മെന്റ് ഉണ്ടെങ്കിൽ ആ കമ്മിറ്റ്മെന്റ് ഓണർ ചെയ്യാം. ആ കാര്യത്തിൽ തർക്കമില്ല.

LIBRARY ARCHIVES Kerala Legislative Assembly